# Matthew 12/1-13

ഇന്നത്തെ സുവിശേഷത്തിന്റെ പശ്ചാത്തലം പതിനൊന്നാം അദ്ധ്യായത്തിൽ (11 : 26-27) കണ്ടെത്താനാവും. ക്രിസ്തുവിന്റെ സന്ദേശത്തിന്റെയും സുവിശേഷത്തിന്റെയും ദൈവീക പദ്ധതിയുടെയും അർത്ഥം ദൈവം ബുദ്ധിമാന്മാർക്കല്ല ശിശുക്കൾക്കാണ് വെളിപ്പെടുത്തിയിരിക്കുന്നത് എന്ന കർത്താവിന്റെ വലിയ പ്രഖ്യാപനമാണ്. ഇതെത്തുടർന്ന് മത്തായി വിവരിക്കുന്ന ഭാഗമാണ് സാബത്തുദിവസം കർത്താവും ശിഷ്യന്മാരും ഗോതമ്പു വയലിലൂടെ കടന്നുപോകുന്ന സംഭവവും അതെത്തുടർന്ന് അവൻ നൽകുന്ന രോഗശാന്തിയും. വചന സന്ദേശത്തിന്റെ കേന്ദ്രമെന്താണെന്ന് അനുസ്മരിപ്പിച്ചുകൊണ്ട് സുവിശേഷകർ ഇപ്രകാരം പറയുന്നു; "ഒരു സാബത്തിൽ യേശു ഗോതമ്പുവയലിലൂടെ കടന്നുപോവുകയായിരുന്നു. അവർക്ക് വിശന്നു" എന്ന്. വിശന്നു വലഞ്ഞ ഒരു ഗണത്തെ നയിക്കുകയാണ് കർത്താവ്. സ്വന്തമായി ജോലിയും ജീവിതമാർഗ്ഗവും ഉണ്ടായിരുന്ന ശിഷ്യന്മാർ കർത്താവിനെ അനുഗമിച്ചതാകാം അവരെ ദാരിദ്രത്തിൽ കൊണ്ടെത്തിച്ചത്, കാരണം കർത്താവ് ദരിദ്രനായിരുന്നു.

ദൈവം സീനായ് മലയിൽ വച്ച് ഇസ്രായേലിന് തന്റെ നിയമം വെളിപ്പെടുത്തി. സമൂഹത്തിലെ നല്ല ശതമാനം ആളുകൾ അടിമകളും ദാസന്മാരുമായിരുന്നപ്പോൾ അവർക്കെല്ലാം ആഴ്ചയിൽ ഒരു ദിവസം വിശ്രമം ലഭിക്കണം എന്ന് കണ്ട ദൈവം സാബത്താചരണത്തിന് കൽപ്പന കൊടുക്കുകയായിരുന്നു (നിയ 5 : 12-15; പുറ 20 : 8-10). അങ്ങനെ ദരിദ്രരായിരുന്നവർക്ക് ദൈവീക നിയമത്തിന്റെ ഫലമായി ആശ്വാസം ലഭിച്ചു. ദൈവത്തെ അംഗീകരിച്ചുകൊണ്ട് പൂർണ്ണമായ സമർപ്പണത്തോടെ സാബത്താചരിക്കണമെന്ന് ആഗ്രഹിച്ച ജനത്തിന് സഹായകമായി സാബത്തിൽ അനുവദനീയവും അല്ലാത്തതുമായ കാര്യങ്ങളുടെ പട്ടികകൾ റബ്ബിമാർ പിന്നീട് കാലാകാലങ്ങളിൽ നിജപ്പെടുത്തിപ്പോന്നു. അങ്ങനെ കാലക്രമത്തിൽ സാബത്തുദിവസം എല്ലാ ജോലികളും നിഷിദ്ധമായി കരുതപ്പെടാൻ ഇടയായി. യുദ്ധകാലത്ത് വിശ്വാസികളായ യഹൂദർ സാബത്തു ദിവസം മരിക്കുന്നതിനുപോലും തയാറായിരുന്നു. ദൈവത്തിന്റെ സാബത്ത് അശുദ്ധമാകാതിരിക്കാൻ ശത്രുവിന്റെ മുമ്പിൽ നിരായുധരായി നിന്നുകൊടുത്ത് ധീരമായി രക്തസാക്ഷിത്തം വരിച്ച ആയിരത്തോളം രക്തസാക്ഷികളെക്കുറിച്ച് മക്കബായക്കാരുടെ ഒന്നാം പുസ്തകത്തിൽ നാം വായിക്കുന്നുണ്ട് (2 : 29-38). വിശ്വാസിയുടെ അടയാളമായി കർശനമായി ഇന്നും പാലിക്കപ്പെടുന്ന ഈ ദൈവീക നിയമത്തെ തിരസ്കരിക്കുകയാണോ കർത്താവ് ചെയ്യുന്നത്?

സാബത്താചരണം എങ്ങനെ ആയിരിക്കണമെന്നും അന്ന് അനുവദനീയമായത് എന്തെന്നും ചർച്ച നടത്തിയിരുന്ന യഹൂദ പണ്ഡിതന്മാരിൽ ഒരു വിഭാഗം, നന്മ ചെയ്യുന്നത് സാബത്ത് ദിവസം അനുവദനീയമാണ് എന്ന് വാദിച്ചിരുന്നു. മറ്റൊരു വിഭാഗമാകട്ടെ ദൈവീക കൽപ്പന അതിന്റെ പൂർണ്ണതയിൽ കാത്തുസൂക്ഷിക്കണമെങ്കിൽ യാതൊരു പ്രവൃത്തികളും അനുവദനീയമല്ല എന്ന് വാദിച്ചു. ഭക്ഷണം കഴിക്കുക എന്നത് ജീവൻ നിലനിർത്തുന്നതുമായി ബന്ധപ്പെട്ടതാകയാൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിഷിദ്ധമല്ല എന്ന് ആദ്യത്തെക്കൂട്ടർ ചിന്തിച്ചു. അതുപോലെത്തന്നെ, ഇടയൻമാരായ ഇസ്രായേല്യരുടെ അനുദിന ജീവിതം മുന്നോട്ട് പോകുന്നതിന് അത്യന്താപേക്ഷിതമായ അവരുടെ മൃഗങ്ങളിലൊന്ന് സാബത്ത് ദിവസം കിണറ്റിൽ വീണാൽ ചത്തുപോകാതെ അതിനെ പിടിച്ചുകയറ്റുന്നത് അനുവദനീയമാണെന്നും അവർ പറഞ്ഞു. ഇപ്രകാരം ജീവൻ നിലനിർത്തുന്നതുമായി ബന്ധപ്പെട്ട ജോലികൾ സാബത്തു ദിവസത്തിൽ അനുവദനീയമാണെന്ന് വാദിച്ചവർ ദാവീദ്‌രാജാവ് ദേവാലയത്തിൽ ചെന്നപ്പോൾ ഉണ്ടായ കഥയും തങ്ങളുടെ വാദം ശരിയാണെന്ന് കാണിക്കാൻ ഉപയോഗിച്ചിരുന്നു. ദാവീദ് സാബത്ത് ദിവസമാണ് ദേവാലയത്തിൽ പ്രവേശച്ചതെന്ന് സാമുവേലിന്റെ പുസ്തകം പറയുന്നില്ലെങ്കിലും ലേവാർ 24:8 വായിച്ചാൽ അന്നാണ് തിരുസാന്നിധ്യത്തിന്റെ അപ്പം നീക്കം ചെയ്തതെന്ന് മനസ്സിലാകും. യഹൂദരുടെ ഏറ്റവും വലിയ രാജാവായ ദാവീദും, അന്നത്തെ പുരോഹിതനും മനുഷ്യസ്നേഹത്തെ പ്രതി, നിയമത്തിന്റെ അക്ഷരാർത്ഥത്തിലുള്ള വ്യാഖ്യാനം തിരസ്കരിച്ചു. ഇപ്രകാരം മഹത്തായ ഒരു പാരമ്പര്യം ഉണ്ടായിരുന്നിട്ടും യഹൂദരിലെ ഒരു വീഭാഗം നിയമം അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കുകയും അങ്ങനെ മനുഷ്യ ജീവിതം ക്ലേശകരമാക്കുകയും ചെയ്തുപോന്നു.

വിശന്നു തളർന്ന തന്റെ ശിഷ്യരെ സംരക്ഷിച്ച് സംസാരിക്കുന്നതിലൂടെ സാബത്തു ദിവസത്തെ തിരസ്കരിക്കുകയല്ല കർത്താവ് ചെയ്യുന്നത്. സാബത്തു ദിവസം വിശുദ്ധമാണ്ːː അത് ദൈവവചനവുമാണ്. അവൻ മനുഷ്യസ്നേഹത്തിൽ ഊന്നി നിന്നുകൊണ്ട് വചനം വ്യാഖ്യാനിച്ച പണ്ഡിതരെ അംഗീകരിക്കുക മാത്രമാണ് ചെയ്യുന്നത്. നിയമാവർത്തന പുസ്തകമനുസരിച്ച് വിശന്നു വലഞ്ഞ ഇസ്രായേൽക്കാർക്ക് അയൽക്കാരന്റെ വയലിലൂടെ കടന്നുപോകുമ്പോൾ ആവശ്യത്തിന് ഫലങ്ങൾ പറിച്ചു ഭക്ഷിക്കാൻ അനുവാദമുണ്ടായിരുന്നു (നിയ 23 :24-25). ഈ നിയമം നൽകുന്നതിലുടെ വ്യക്തിപരമായ സമ്പത്തിനെക്കാൾ വിശക്കുന്നവന്റെ സഹനത്തിനാണ് ദൈവം പ്രാധാന്യം നൽകിയത്. നിയമത്തിന്റെ ഈ ആത്മീയ വശം കർത്താവ് എടുത്തുകാണിക്കുന്നു.

ദൈവത്തിനു ബലിയർപ്പിക്കുന്നതിനായി പുരോഹിതർക്ക് സാബത്തു നിയമത്തിൽ നിന്ന് മോശ ഒഴിവു നൽകിയിരുന്നു (സംഖ്യ 28 :9-10). സാബത്തു ദിവസം മൃഗബലിയർപ്പണത്തിനാവശ്യമായ എല്ലാ ജോലികളും ചെയ്യാൻ പുരോഹിതന് അനുവാദമുണ്ട്. അങ്ങനെയെങ്കിൽ ബലിയർപ്പണം സാബത്തിനെക്കാൾ ശ്രേഷ്ഠമാണ്. എന്നാൽ പ്രവാചകനായ ഹോസിയായിലൂടെ

കർത്താവ് അരുളിചെയ്തത് "കരുണയാണ് ബലിയർപ്പണത്തെക്കാൾ ശ്രേഷ്ഠം" എന്നാണ് (ഹോസിയ 6 :6). അങ്ങനെയെങ്കിൽ കരുണയാണ് അക്ഷരാർത്ഥത്തിലുള്ള സാബത്താചരണത്തെക്കാൾ ശ്രേഷ്ഠമെന്നത് സ്പഷ്ടം.

പഴയ നിയമത്തിലെ എല്ലാ നിയമങ്ങളും സാമൂഹ്യനീതിയും ദൈവസ്നേഹവും ഉറപ്പുവരുത്തുന്നതിനുവേണ്ടി ദൈവം നൽകിയവയായിരുന്നു. എന്നാൽ ദൈവഹിതം അന്വേഷിക്കാതെ ബുദ്ധിമാത്രം ഉപയോഗിച്ചുകൊണ്ട് ഈ നിയമങ്ങളിലെ വാക്കുകളെ മാത്രം വികരിച്ച നേതാക്കൾ ദൈവഹിതം മനസ്സിലാക്കുന്നതിന് കഴിവില്ലാത്തവരായി തീർന്നു. ഈ വലിയ സത്യമാണ് ഇന്നത്തെ സുവിശേഷത്തിന്റെ പശ്ചാത്തലമായി കർത്താവ് പ്രഖ്യാപിക്കുന്നത് (മത്താ 11 :26-27, ശിശുക്കൾക്ക് സ്വയം വെളിപ്പെടുത്തുന്ന ദൈവം). ദൈവിക നിയമത്തിന്റെ അടിസ്ഥാനമായ സാമൂഹ്യ നീതിയും ദൈവഹിതവും മുന്നിൽ നിർത്തിക്കൊണ്ട് മാത്രമേ വചനം വിശദീകരിക്കാൻ പാടുള്ളൂ. ഈ ലോകത്തിൽ മനുഷ്യജീവിതം ആശ്വാസപ്രദമാകുന്നതിനും ദൈവത്തിന്റെ പരിപാലനയിൽ അനുസരണയോടുകൂടി ജീവിച്ച് ദൈവസന്നിധിയിൽ എത്തിപ്പെടാൻ മനുഷ്യനെ പ്രാപ്തനാക്കുന്നതിനും വേണ്ടിയാണ് ദൈവം തന്റെ നിയമം നൽകിയത്.

ദൈവീക നിയമത്തിന്റെ ഈ അടിസ്ഥാന തത്വം മനസ്സിലാക്കാൻ കഴിയാതെ പോയ ഫാരിസേയർ കർത്താവിനെ സ്വീകരിക്കാൻ അശക്തരായിത്തീർന്നു. തൽഫലമായി അവർ മതഭ്രാന്തന്മാരുമായി. കർത്താവ് ഈ വിധത്തിൽ മുമ്പോട്ടുപോയ തങ്ങൾ രൂപം നൽകിയ വലിയ സംവിധാനത്തിന്റെ മുഖ്യശത്രുവായവൻ മാറുമെന്ന് അവർ മനസ്സിലാക്കി. അതെത്തുടർന്ന് അവർ അവനെ ഇല്ലായ്മ ചെയ്യാനുള്ള പദ്ധതികൾ തയാറാക്കി. നിയമപാലകർ നിയമത്തിന്റെ അന്തകരായി മാറുകയാണിവിടെ. സാമൂഹ്യനീതിയിൽ നിന്നും, ദൈവഹിതത്തിൽ നിന്നും മാറി നിന്നുകൊണ്ട്്്ുള്ള ഒരു വചന വ്യാഖ്യാനത്തിലൂടെ നാം നിയമപാലകർ എന്നതിനെക്കാൾ നിയമത്തിന്റെ അന്തകരായി മാറുന്നു. ദൈവത്തിന്റെ നിയമം പ്രാവൃത്തികമാകുന്നിടത്ത് അതിന്റെ കേന്ദ്രമായി കാരുണ്യവും, ദയയും ഉണ്ടായിരിക്കും, കാരണം ചരിത്രത്തിലെ ഏറ്റവും വലിയ നിയമ വ്യാഖ്യാതാവായ ക്രിസ്തുവിന് സ്നേഹത്തിന്റെ ഒരു നിയമമേ ഉണ്ടായിരുന്നുള്ളൂ (യോഹ 13 :34-35). ദൈവ വചനം വായിക്കുകയും പഠിക്കുകയും ചെയ്യുന്നിടത്ത് സ്വാർത്ഥപരമായ പരിഗണനകളല്ല മറിച്ച് ദൈവപുത്രന്റെ പ്രമാണത്തിന്റെ അധികാരം അംഗീകരിക്കപ്പെടുന്നുണ്ടോ എന്നതാണ് പ്രധാനം (മത്താ 9 :6, 11 :27, 12 :8, 28 :18).

ഫാ. ആന്റണി തറേക്കടവിൽ